പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1462

14/12/2012 - ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് വേതനം

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| --- | --- | --- |
| (എ) 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം രജിസ്റ്റർ ചെയ്തു തൊഴിലെടുക്കുന്നവർക്ക് 15 ദിവസത്തിനകം വേതനം നൽകണമെന്ന നിബന്ധന സംസ്ഥാനത്ത് വ്യാപകമായി ലംഘിക്കപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലെടുക്കുന്നവർക്കുള്ള വേതനം സംസ്ഥാനത്തെ ചില പഞ്ചായത്തുകളിൽ 15 ദിവസത്തിനകം നൽകാൻ സാധിക്കാതെ വരുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം നിയമ ലംഘനങ്ങൾ തടയുവാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ ; | (ബി) | വേതന വിതരണം നിശ്ചിത ദിവസത്തിനുള്ളിൽ നൽകുന്നതിന് തടസ്സമാക്കുന്നത് രണ്ടു കാരണങ്ങളാണ്. ഒന്ന്, കൂടുതൽ തുക ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികളുടെ മെഷർമെന്റ് / ചെക്ക് മെഷർമെന്റ് എടുക്കുന്നതിനുള്ള കാലതാമസമാണ്. ഇത് ഒഴിവാക്കുന്ന തിലേക്കായി, മുൻ സാമ്പത്തിക വർഷം (31.03.2012 വരെ) അറുപത്(60) ലക്ഷം രൂപയിലധികം ചെലവ് രേഖപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തുകളിൽ 01.04.2012 മുതൽ നിലവിലുള്ള ജീവനക്കാർക്കു പുറമേ അധികമായി ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർ, അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ ഒരു വർഷകാലയളവിൽ കരാർ അടിസ്ഥാനത്തിൽ നിലവിലുള്ള സേവന വേതന വ്യവസ്ഥ പ്രകാരം നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. രണ്ട്, ബാങ്കുകളിൽ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് കൂലി ക്രെഡിറ്റ് |

ചെയ്യുന്നതിലുള്ള കാലതാമസമാണ്. ഇത് പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് രൂപകല്പന ചെയ്തിട്ടുള്ള ഇലക്ട്രോണിക് ഫണ്ട് മാനേജമെന്റ് സിസ്റ്റം (E-FMS) ഉപയോഗിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട് E-FMS-ലൂടെ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക ഇലക്ട്രോണിക് ട്രാൻസ്ഫർ ചെയ്യുന്നത് വഴി നിലവിൽ ബാങ്കിൽ വന്നുഭവിച്ചിട്ടുള്ള കാലതാമസം ഒരളവിൽ ചുരുങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വേതനം അനിശ്ചിതമായി താമസിക്കുകയാണെങ്കിൽ തൊഴിലാളികൾക്ക് കോമ്പൻസേഷൻ നൽകുന്നതിനു വ്യവസ്ഥയുണ്ടോയെന്നു വ്യക്തമാക്കുമോ ;

(സി) വേതനം വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്ന സ്ഥിതിവിശേഷം സംജാതമാവുകയും അതിന് കോമ്പൻസേഷൻ നൽകുന്നതിന് ആവശ്യമായ ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ അത്തരം ഒരു വ്യവസ്ഥ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ